പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് മാന്യമായ പരിഗണന

87(5672) ശ്രീ. വി. ടി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് മാന്യമായ പരിഗണന ഉറപ്പാക്കാൻ നടപടി എടുത്തിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭയരഹിതമായി പോലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്ക് സമീപിക്കുന്നതിനും വളരെ വേഗം പോലീസ് സേവനം ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്കുകളും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കുകളും പാറാവ് സമ്പ്രദായം ഒഴിവാക്കി റിസപ്ഷൻ സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജനമൈത്രി പോലീസിന്റെയും മറ്റും പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പോലീസ് സ്റ്റേഷനുകളിൽ പരാതികളുമായി എത്തുന്ന പൊതുജനങ്ങളോട് മാന്യമായും സഹാനുഭൂതിയോടും പെരുമാറുന്നതിന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ഇതിന് വേണ്ടിയുള്ള പരിശീലനങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഇതിനുപുറമേ പരാതിക്കാർക്ക് വിശ്രമിക്കുവാൻ പ്രത്യേക മുറികൾ സജ്ജീകരിച്ചിട്ടുമുണ്ട്.

അഴിമതി കേസ്സിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

88(5673) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസ് ഉദ്യോഗസ്ഥരാണ് അഴിമതി കേസ്സിൽപ്പെട്ടിട്ടുള്ളതെന്ന വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ ഏതു തരത്തിലുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ ;

(സി) പോലീസ് വകപ്പിൽ അഴിമതി തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ ?

ഉത്തരം

(എ-സി) മൂപ്പത്തിയാറ് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ്സെടുത്തിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.* പോലീസ് സേനയിൽ അഴിമതി തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 12-6-2015-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് 7(a)/2015 പ്രകാരം പോലീസ് വകപ്പിൽ ഒരു ഇന്റേണൽ വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ട്.

സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി

89(5675) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ നഗരസഭയിൽ കോറോം വില്ലേജിൽ ആഭ്യന്തര വകപ്പിന് കീഴിൽ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് യൂണിറ്റ് സ്ഥാപിക്കുന്ന നടപടികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ നഗരസഭയിൽ കോറോം വില്ലേജിൽ ആഭ്യന്തര വകപ്പിന് കീഴിൽ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

സി.ഐ. മുതൽ ഡിവൈ.എസ്.പി. വരെയുള്ള ഒഴിവുകൾ

90(5676) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് സി.ഐ. മുതൽ ഡിവൈ.എസ്.പി. വരെയുള്ളവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;.വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികകളുടെ ഡി.പി.സി. ലിസ്റ്റ് നിലവിലുണ്ടോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly